"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 ശ്രീമതി. ആശ ശശി.ബി.എസ്-ന് അനുവദിച്ച പ്രത്യേക അവശതാ അവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.3102/2025/LSGD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. സ.ഉ. (സാധാ) നം. 2042/2025/LSGD തീയതി 16/08/2025.
3. ശ്രീമതി.ആശ ശശി.ബി.എസ്, എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 സമർപ്പിച്ച 07/06/2025-ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09/12/2025-ലെ LSGD/PD/ 17072/2025-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 ശ്രീമതി. ആശ ശശി. ബി. എസ് വെട്ടം ഗ്രാമ പഞ്ചായത്തിലെ കാനൂർ ഭാഗത്ത് PMAY സർവ്വേയുമായി ബന്ധപ്പെട്ട് ഫീൽഡ് സന്ദർശനം നടത്തുന്നതിനിടെ 29/04/2025-ന് അപകടം സംഭവിച്ചതിനെ തുടർന്ന് ടിയാൾക്ക് 30/04/2025 മുതൽ 07/06/2025 വരെ പരാമർശം (2) പ്രകാരം 39 ദിവസത്തെ പ്രത്യേക അവശതാവധി അനുവദിച്ചിരുന്നു. എന്നാൽ 08/06/2025 മുതൽ 22/06/2025 വരെ 15 ദിവസത്തേയ്ക്ക് കൂടി വിശ്രമം വേണമെന്ന ഡോക്ടറുടെ നിർദ്ദേശപ്രകാരം 08/06/2025 മുതൽ 22/06/2025 വരെ 15 ദിവസത്തേയ്ക്ക് കൂടി പ്രത്യേക അവശതാവധി ദീർഘിപ്പിച്ച് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 ശ്രീമതി.ആശ ശശി.ബി.എസ്-ന് പരാമർശം (2) പ്രകാരം അനുവദിച്ച പ്രത്യേക അവശതാ അവധി 08/06/2025 മുതൽ 22/06/2025 വരെ 15 ദിവസത്തേയ്ക്ക് കൂടി കെ. എസ്. ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധിയായി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABITHA BAI A S

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീമതി.ആശ ശശി.ബി.എസ്, എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2, തിരൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, തിരൂർ, മലപ്പുറം ജില്ല
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 30-12-2025 14:02:09
സെക്ഷൻ ഓഫീസർ